# തേവര കോളജിൽ ചിലന്തിപഠനത്തിന് 60 ലക്ഷം

Thursday, November 10, 2016 3:41 PM IST

കൊച്ചി: തേവര സേക്രഡ് ഹാർട്ട് കോളജിലെ ജന്തുശാസ്ത്ര വിഭാഗത്തിൽ വർഷങ്ങളായി പ്രവർത്തിക്കുന്ന ചിലന്തി ഗവേഷണ വിഭാഗത്തിന്റെ പുതിയ ഗവേഷണ പദ്ധതിക്കു കേന്ദ്രസർക്കാരിന്റെ ധനസഹായം. ചിലന്തി ഗവേഷണ രംഗത്തു നടത്തിയ പുതിയ കണ്ടെത്തലുകളുടെയും അതുവഴി ശാസ്ത്രസമൂഹത്തിനു നല്കിയ സംഭാവനകളുടെയും അടിസ്ഥാനത്തിൽ കേന്ദ്ര ശാസ്ത്രസാങ്കേതിക വകുപ്പാണ് 60 ലക്ഷം രൂപയുടെ സാമ്പത്തിക സഹായത്തോടുകൂടിയ പുതിയ പദ്ധതി അംഗീകരിച്ചത്. ചിലന്തികളുടെ ജനിതക ഘടനയെയും അവയുടെ സ്വഭാവ സവിശേഷതകളെയും പറ്റിയുള്ള പുതിയ പഠനം ഇന്ത്യയിൽ ആദ്യമാണെന്നു ഗവേഷകർ പറഞ്ഞു.

കേരളത്തിലെ വനങ്ങളിൽനിന്നു കണ്ടെത്തിയ അപൂർവങ്ങളായ ആറു പുതിയ ചിലന്തികളാണു ഗവേഷക സംഘത്തിന്റെ പുതിയ നേട്ടം. ഉറുമ്പ് ചിലന്തികൾ' എന്ന കൊറിനിഡെ കുടുംബത്തിൽപ്പെട്ട ഒരുകൂട്ടം ചിലന്തികൾ ഉറുമ്പുകളെ അനുകരിച്ച് ഉറുമ്പുകളെപ്പോലെ ജീവിക്കുന്നവരാണ്. എവിടെവച്ചെങ്കിലും ശത്രുക്കളെ കാണാനിടയായാൽ ഉറുമ്പുകളെപ്പോലെ പെരുമാറി അവർക്കിടയിൽ ഒളിക്കുന്നു. ഈ ചിലന്തികളെ കാസ്റ്റിനേരിയ ഫർവ, കംബാലിഡ ഡിയോർസ, കംബാലിഡ റ്റുമ് എന്നീ പേരുകളിലാണ് അന്താരാഷ്ട്ര ശാസ്ത്രസമൂഹത്തിനു പരിചയപ്പെടുത്തിയിരിക്കുന്നത്.

ടെട്രാബ്ലെമിഡെ കുടുംബത്തിൽ വരുന്ന പടച്ചട്ട ചിലന്തികൾ'ആണ് ഗവേഷക സംഘത്തിന്റെ വലയിൽ വീണ വേറൊരു കൂട്ടർ. ശരീരം മുഴുവൻ ഒരു പടച്ചട്ടപോലെ ക്രമീകരിച്ചു ശത്രുക്കളെ അനായാസം നേരിടുന്ന ഇവരിലധികവും ഗുഹകളിൽ താമസിക്കുന്നവരാണ്.

പാറകളുടെയും കല്ലുകളുടെയും കൂർത്ത ഭാഗങ്ങൾ കൊണ്ടുണ്ടാകുന്ന മുറിവുകളിൽനിന്നു രക്ഷനേടുന്നതും അവരുടെ ശക്തിയേറിയ ഈ ശരീരഭാഗം ഉപയോഗിച്ചാണ്. പ്രസിദ്ധ പക്ഷിശാസ്ത്രജ്ഞനായ ഡോ. സലീം അലിയുടെ പേരിനോടു ചേർത്ത് ഇവയെ "ഷിയറില്ല അലി' എന്ന് നാമകരണം ചെയ്തു.

## തേവര കോളജിൽ ചിലന്തിപഠനത്തിന് 60 ലക്ഷം

കാഴ്ചയിൽ ഉറുമ്പുകളെപ്പോലെ തോന്നിക്കുന്ന "ഉറുമ്പുതീനികൾ' എന്നറിയപ്പെടുന്ന വേറൊരു കൂട്ടം ചിലന്തികൾ ഉറുമ്പുകളെ മാത്രം ഭക്ഷിച്ചു ജീവിക്കുന്നവരാണ്. ഉറുമ്പിൻ കൂടുകളുടെയടുത്തു താമസിക്കുന്ന ഇവർ ഉറുമ്പുകളെ കാണുമ്പോൾ ചത്തതുപോലെ മയങ്ങിക്കിടക്കും. തങ്ങളുടെ കൂട്ടത്തിലെ ഒരാൾ അപകടത്തിൽപ്പെട്ടു എന്ന ധാരണയിൽ എത്തുന്ന മറ്റ് ഉറുമ്പുകളെ ഇവർ ആക്രമിച്ചു കീഴ്പ്പെടുത്തുന്നു. ഭൗതികശാസ്ത്രത്തിൽ ഏറെ കണ്ടുപിടിത്തങ്ങൾ നടത്തിയ മുൻ രാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൾ കലാമിനോടുള്ള ആദരസൂചകമായി ഒരു ചിലന്തിക്ക് ട്രോപിസേഡിയം കലാമിയെന്നും മറ്റൊരെണ്ണത്തെ "ട്രോപിസോഡിയം വിറുഡുർബിയം' എന്നും ഗവേഷകർ പേരിട്ടു.

ഇരവികുളം ചോലവനങ്ങളിൽനിന്നു കണ്ടെത്തിയ "പ്ലബ്സ് മിറ്റ്റേറ്റസ്' എന്ന അപൂർവ ചിലന്തി ഗവേഷകരുടെ അനേക വർഷങ്ങളായുള്ള നിതാന്ത പരിശ്രമങ്ങൾക്കൊടുവിൽ അവരുടെ വലയിലകപ്പെട്ടതാണ്. അരക്കനോളജി വിഭാഗം മേധാവി ഡോ.പി.എ. സെബാസ്റ്റ്യൻറെ നേതൃത്വത്തിൽ എം.ജെ. മാത്യു, ഫാ. ജോബി മലമേൽ, എം.എസ്. പ്രദീപ്, ധ്രുവ് പ്രജാപതി, പ്രശാന്ത് മാര, ജിമ്മി പോൾ എന്നിവർ ഈ പുതിയ പഠനത്തിൽ പങ്കെടുത്തു.

കേന്ദ്രശാസ്ത്ര സാങ്കേതിക വകുപ്പിന്‍റെ ഒന്നരക്കോടി രൂപയുടെ സഹായത്തോടെ വിവിധ പ്രോജക്ടുകളിലായി മൂന്നു ഗവേഷണങ്ങൾ ഒരേസമയം ലാബിൽ നടക്കുന്നുണ്ടെന്നും പുതിയ ചിലന്തികളെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ അന്താരാഷ്ട്ര ശാസ്ത്രമാസികയായ "സൂടാക്സയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും ഡോ. പി.എ. സെബാസ്റ്റ്യൻ അറിയിച്ചു.